# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.734** **28.02.2018 ലെ മറുപടി**

## മേലാറ്റൂർ മണിയാണിരിക്കടവിൽ സ്ഥിരം തടയണ

**ചോദ്യം**

**ശ്രീ.മഞ്ഞളാംകുഴി അലി:**

**മറുപടി**

**മാത്യു ടി. തോമസ്**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ മേലാറ്റൂർ ഗ്രാമപഞ്ചായത്തിലെ മണിയാണിരിക്കടവിൽ ഒരു സ്ഥിരം തടയണ നിർമ്മിക്കുന്നത് സംബന്ധിച്ച പ്രവൃത്തിയുടെ പര്യവേക്ഷണം നടത്താനുള്ള നടപടികൾ ജലസേചനവും ഭരണവും, ചീഫ് എഞ്ചിനീയർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പൂർത്തിയായിട്ടുണ്ടോ;

ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എത്രയാണ് ആയത് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ എങ്കിൽ ഏത് ഫയൽ പ്രകാരം എന്നാണ് സർക്കാരിന് ചീഫ് എഞ്ചിനീയർ സമർപ്പിച്ചതെന്ന് അറിയിക്കുമോ;

(എ) & (ബി)

ഉണ്ട്. മേലാറ്റൂർ ഗ്രാമപഞ്ചായത്തിലെ വെള്ളിയാർ പുഴയിൽ മണിയാണിരിക്കടവ് പാലത്തിന് താഴെ കല്ലടയിൽ ഒരു സ്ഥിരം തടയണ നിർമ്മിക്കുന്നതിനുള്ള പര്യവേക്ഷണത്തിന്റെ ഭാഗമായ സ്ഥലപരിശോധനയിൽ സ്ഥല ത്തിന്റെ ഉപരിതല ഭാഗത്ത് മുഴുവൻ കരിമ്പാറയാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

ടി പ്രവർത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വേണ്ട നടപടികൾ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) സ്വീകരിച്ച വരുന്നു.

(സി) മേലാറ്റൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

(സി) ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) യിൽ നിന്നും എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നല്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ